**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം- വയനാട് ജില്ല-പൂതാടി ഗ്രാമപഞ്ചായത്ത്-ഇന്ദിരാ ആവാസ് യോജന പദ്ധതി ക്രമക്കേട്-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.പോൾ വർഗ്ഗീസിനെതിരെയുള്ള അച്ചടക്ക നടപടി-തീർപ്പാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (സാധാ)നം. 1354 /2017/തസ്വഭവ, തിരുവനന്തപുരം, തീയതി: 27.4.2017

---

പരാമർശം : 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ യറക്ടറുടെ 5/01/2015 ലെ E11 (SC 05/04/WYD) 7490/2014 നമ്പർ കത്ത്.

2. പൂതാടി ഗ്രാമപഞ്ചായത്ത് മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.പോൾ വർഗ്ഗീസിന് സർക്കാരിൽ നിന്നും 30/06/2015-ൽ നൽകിയ കുറ്റപത്രവും കുറ്റാരോപണ പത്രികയും.

3. 27/05/2016 തീയതിയിൽ ശ്രീ.പോൾ വർഗ്ഗീസ്സമർപ്പിച്ച പ്രതിവാദപത്രിക.

4.ഗ്രാമവികസനകമ്മീഷണറുടെ23/02/2016 തീയതിയിലെ 14190/എസ്റ്റാ. എ 4/15 /സിആർഡി(2) നമ്പർ കത്ത്.

5.സർക്കാർ ഉത്തരവ്(സാധാ)നമ്പർ2338/2016/തസ്വഭവതീയതി03.8.2016

6. ഗ്രാമവികസന വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്- ശ്രീ.വി.മോഹനകൃഷ്ണന്റെ 25/10/2016 തീയതിയിലെ അന്വേഷണ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ പൂതാടി ഗ്രാമപഞ്ചായത്തിൽ 2011-12 വർഷം നടപ്പിലാക്കിയ ഇന്ദിര ആവാസ് യോജന ഭവന പദ്ധതിയുമായി ബന്ധപ്പെട്ട ക്രമക്കേടുകളെ കുറിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കോഴിക്കോട് യൂണിറ്റ് പരിശോധന നടത്തുകയും പരാമർശം (1) പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. രണ്ടു വീടുകളുടെ ഭിത്തികളിൽ പൊട്ടലുള്ളതായും, വീടുകളിൽ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിച്ചിട്ടില്ലാത്തതായും ,വി.ഇ.ഒ നൽകിയ സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ബി.ഡി.ഒ ധനസഹായം വിതരണം ചെയ്തതായും വിജിലൻസ് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പൂതാടി ഗ്രാമപഞ്ചായത്ത് മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.പോൾ വർഗ്ഗീസിന് പരാമർശം (2) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി. പരാമർശം (3) പ്രകാരം ടിയാൻ പ്രതിവാദപത്രിക സമർപ്പിച്ചു. കുറ്റാരോപണ പത്രികയിൽ പറയുന്ന ശ്രീമതി.എലുമ്പി എന്ന സിസിലി, ശ്രീമതി.അശ്വിനി എന്നിവരുടെ വീടിന്റെ ഭിത്തി പൊട്ടിയതിന് താൻ ഉത്തരവാദിയല്ലെന്നും, സ്റ്റേജ് സർട്ടിഫിക്കറ്റ് അനുവദിക്കുന്ന അവസരത്തിൽ ഭിത്തി പൊട്ടുകയോ പരാതി ഉണ്ടാകുകയോ ചെയ്തിരുന്നില്ലെന്നും 6 വീടുകൾക്കും അടച്ചുറപ്പുള്ള വിധത്തിൽ വാതിലുകളും ജനൽവാതിലുകളും സ്ഥാപിച്ചതു നേരിൽ കണ്ടു ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് താൻ സ്റ്റേജ് സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുള്ളതെന്നും ടിയാൻ മറുപടി നൽകി

വീട്ടുകൾക്ക് അവസാന ഗഡു നൽകുന്ന സമയത്ത് Housing Officer ഉം Block Development Officer ഉം പരിശോധിക്കാറുണ്ടെന്നും കാലങ്ങൾക്കു ശേഷം സംഭവിക്കുന്ന തകരാറുകൾക്ക് താൻ ഉത്തരവാദിയല്ലെന്നും ടിയാൻ വിശദീകരണം നൽകിയിട്ടുണ്ട്. പാറ നിറഞ്ഞ സ്ഥലമായതിനാൽ നിലം കുഴിച്ച് സാനിറ്റേഷൻ പൈപ്പ് ലൈൻ മൂടുന്നതിന് പ്രയാസമായതിനാൽ മണ്ണ് കൊണ്ട് വന്ന് പൈപ്പ് ലൈൻ മൂടുവാൻ ഗുണഭോക്താക്കളോട് നിർദ്ദേശിച്ചിരുന്നതായും പുകയില്ലാത്ത അടുപ്പ് അനർട്ട് ഓഫീസിൽ നിന്നും നിർമ്മിച്ച നൽകുകയാണ് ചെയ്യുന്നതെന്നും, ഫൈനൽ സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകിയിരുന്നില്ലെന്നും,ശ്രീമതി.എലുമ്പി, ശ്രീമതി.ബിന്ദു, ശ്രീമതി.അമ്മിണി എന്നിവർക്ക് പൂർത്തീകരണ പത്രം താൻ നൽകിയിട്ടില്ലാത്തതിനാൽ ടി ഗുണഭോക്താക്കൾക്ക് പണം നൽകുന്നതിന് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറെ തെറ്റിദ്ധരിപ്പിച്ചു എന്ന ആരോപണം വസ്തുതാ വിരുദ്ധമാണെന്നും ഗുണഭോക്താക്കൾക്ക് വീട് പണിയുടെ പുരോഗതിക്കനുസരിച്ച് അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് പണം അനുവദിക്കുന്നതെന്നും കുറ്റാരോപണ പത്രികയിൽ പറയുന്ന കരാറുകാരനുമായി തനിയ്ക്ക് യാതൊരു പങ്കുമില്ലെന്നും ശിക്ഷണ നടപടികളിൽ നിന്നും തന്നെ ഒഴിവാക്കണമെന്നും ശ്രീ.പോൾ വർഗ്ഗീസ് അപേക്ഷിച്ചു.

ശ്രീ.പോൾ വർഗ്ഗീസിന്റെ പ്രതിവാദ പത്രികയിന്മേൽ പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചു. പരാമർശം(5)പ്രകാരം ഗ്രാമവികസന കമ്മീഷണറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ.വി.മോഹന കൃഷ്ണനെഔപചാരിക അന്വേഷണം നടത്തുന്നതിന് അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചു. പരാമർശം (6) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥൻ സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചു. എല്ലാ വീടുകൾക്കും വാതിലുകളും ജനൽപ്പാളികളും സ്ഥാപിക്കുകയും വിള്ളലുകൾ സിമന്റുപയോഗിച്ച് അടച്ച ഭംഗി വരുത്തിയിട്ടുള്ളതായും പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിച്ചിട്ടുള്ളതായും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തു. കോൺട്രാക്ടറാണ് വീട്ടു പണി നടത്തിയതെന്ന് തെളിയിക്കാനാവശ്യമായ വിവരങ്ങൾ കണ്ടെത്താനായിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിരുന്നു. ഗുണഭോക്താക്കളിലൊരാൾക്കും അവസാന ഗഡു നൽകാനുള്ള ശിപാർശയോ ഭവന നിർമ്മാണം പൂർത്തിയായെന്ന റിപ്പോർട്ടോ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീപോൾ വർഗ്ഗീസ് നൽകിയിട്ടില്ലെന്നും വീട് നിർമ്മാണം പൂർത്തിയാകുന്നതും അവസാന ഗഡു നൽകുന്നതും ശ്രീ.ശശി.കെ.കുന്നത്ത് എന്നയാൾ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആയിരിക്കുമ്പോഴാണെന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തു. ശ്രീ.പോൾ വർഗ്ഗീസിന്റെ ഭാഗത്ത് നിന്നുണ്ടായ ബോധപൂർവ്വമല്ലാത്ത കൃത്യവിലോപമായി അന്വേഷണ ഉദ്യോഗസ്ഥൻ കണ്ടെത്തിയിട്ടുള്ളത് ഭവന നിർമ്മാണം യഥാസമയം പൂർത്തീകരിക്കാതിരുന്നതാണ്. അപ്രകാരം സംഭവിച്ചത് ആവശ്യത്തിന് ഫണ്ട് ലഭ്യമല്ലാതിരുന്നതിനാലാണെന്നും ടിയാന്റെ ഭാഗത്ത് നിന്നും യാതൊരു കൃത്യവിലോപവും ഉണ്ടായിട്ടില്ലെന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ.പോൾ വർഗ്ഗീസിന്റെ ഭാഗത്ത് നിന്നും ഗുരുതരമായ വീഴ്ചകൾ ഒന്നും സംഭവിച്ചിട്ടില്ലാത്തതിനാൽ ടിയാനെ കുറ്റവിമുക്തനാക്കാവുന്നതാണെന്ന് പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണറും ശിപാർശ ചെയ്തു. നടപടിക്രമങ്ങളുടെ ഭാഗമായി ശ്രീ.പോൾ വർഗ്ഗീസിനെ 20/01/2017-ൽ ഡെപ്യൂട്ടി സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേൾക്കുമ്പോഴും പ്രതിവാദ പത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ടിയാൻ ആവർത്തിച്ചു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച പൂതാടി ഗ്രാമപഞ്ചായത്തിൽ 2011-12 വർഷം നടപ്പിലാക്കിയ ഇന്ദിരാ ആവാസ് യോജന ഭവന പദ്ധതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.പോൾ വർഗ്ഗീസിന്റെ ഭാഗത്ത് നിന്നും വീഴ്ച സംഭവിച്ചതായികണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ ടിയാനെതിരെ സ്വീകരിച്ചിട്ടുള്ള അച്ചടക്കനടപടിയിൽ നിന്നും ടിയാനെ കുറ്റവിമുക്തനാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.എസ്.ആർ
ഡെപ്യൂട്ടി സെക്രട്ടറി

1) ശ്രീ.പോൾ വർഗ്ഗീസ്, മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പൂതാടി ഗ്രാമപഞ്ചായത്ത് (ഗ്രാമവികസന കമ്മീഷണർ മുഖേന)
2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3) വിജിലൻസ് വകുപ്പ്(Vide Letter No244/D1/2015/Vig)
4) ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
5) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള,തിരുവനന്തപുരം
6) അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
7) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
8) വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ്
9) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ